# സഹാബാക്കളുടെ ജീവിതത്തിലൂടെ

ഇന്ന് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബാക്കളുടെ ചില സംഭവങ്ങൾ കേൾപ്പിക്കുന്നതാണ്. ഇതുപോലുള്ള ചില നിവേദനങ്ങൾ ഇതിനുമുമ്പും ചില സന്ദർഭങ്ങളിൽ കേൾപ്പിച്ചിട്ടുണ്ട്. ഇതുവരെ കേൾപ്പിക്കാത്ത സഹാബാക്കളുടെ നിവേദനങ്ങൾ കേൾപ്പിക്കാനാണ് ശ്രമിക്കുന്നത്. റജിസ്റ്റർ രിവായത്ത് സഹാബാ എന്നതിൽ നിന്നാണ് ഞാനിത് എടുത്തിട്ടുള്ളത്. അക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കൈകളിൽ ബൈഅത്ത് ചെയ്ത സഹാബാക്കൾ ആ മഹാത്മാവിനെ എങ്ങിനെ കണ്ടു എന്നും അവരുടെ പ്രതികരണങ്ങൾ എന്തെല്ലാമാണെന്നും വിവിധ നിവേദനങ്ങളിലൂടെ നമുക്ക് എത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഖുത്വുബകളുടെയും പ്രഭാഷണങ്ങളുടെയും ഒരു പരമ്പര ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തുടങ്ങിയിരുന്നു. അതിൽ പറയപ്പെട്ടതോ ഞാൻ പറഞ്ഞതോ ആയ സംഭവങ്ങൾ ആവർത്തിക്കപ്പെടാതെ ഇതുവരെ കേൾക്കാത്ത പുതിയ സഹാബാക്കളുടെ പുതിയ സംഭവങ്ങൾ കേൾപ്പിക്കാൻ ശ്രമിക്കുന്നതാണ്.

ഈ നിവേദനങ്ങൾ നമുക്ക് സഹാബാക്കളുടെ കൂറും ആത്മാർത്ഥതയും ആവർ ജമാഅത്തിൽ പ്രവേശിച്ച സംഭവ ബഹുലമായ അവസ്ഥകളെ കുറിച്ചും അറിവ് നൽകുന്നതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സ്ഥാനവും ഇവരുമായുള്ള ബന്ധവും നമ്മുടെ മുമ്പാകെ തുറന്ന് കാട്ടുന്നു. ചില പ്രശ്നങ്ങൾക്കുള്ള പരിഹാരവും ഇതിൽ കാണാവുന്നതാണ്. എന്തായിരുന്നാലും ഞാൻ ആ നിവേദനങ്ങൾ സമർപ്പിക്കുകയാണ്. ഇവരെല്ലാം ആ മഹാത്മാവിന്റെ പരിശുദ്ധ ജമാഅത്തിന്റെ ഭാഗമായിത്തീർന്നവരാണ്. ഇവരെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. ഈ ജമാഅത്ത് ആത്മാർത്ഥതയിലും കൂറിലും നല്ല പുരോഗതി കൈവരിച്ചിരിക്കുന്നു.

ഒന്നാമത്തെ നിവേദനം ഹദ്റത്ത് ഹാഫിസ് മുഹമ്മദ് ഇബ്റാഹിം സാഹിബിന്റേതാണ്. ഇദ്ദേഹത്തിന്റെ പിതാവ് നാദിർ ആലി സാഹിബ്. 1900 ലാണ് ബൈഅത്ത് ചെയ്തതും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ സന്ദർശിച്ചതും. അദ്ദേഹം എഴുതുന്നു. 1899 ൽ ഞാൻ കത്തുമുഖേന ബൈഅത്ത് ചെയ്തു. ഇതിനുമുമ്പ് മൂന്ന് നാല് കത്ത് ബൈഅത്തിന് വേണ്ടി എന്റെ ഉപ്പ എനിക്ക് അയച്ചിരുന്നു. എന്നാൽ ചില കാരണങ്ങളാൽ ഞാൻ ബൈഅത്ത് ചെയ്തില്ല. സയ്യിദ് ബഹാവർശാ സാഹിബ് എന്റെ ആത്മാർത്ഥ സുഹൃത്തും ഉസ്താദുമാണ്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് ബൈഅത്ത് ചെയ്തു. ഹുസൂറിന്റെ ഗ്രന്ഥങ്ങൾ അദ്ദേഹം എനിക്ക് കേൾപ്പിച്ചുകൊണ്ടിരുന്നു. ഹൂസൂർ അതുവരെ രചിച്ച ഏകദേശം എല്ലാ പുസ്തകങ്ങളും അദ്ദേഹം എനിക്ക് കേൾപ്പിച്ച് തരികയുണ്ടായി. അക്കാലത്ത് ഞാനൊരു സ്വപ്നം കണ്ടു. റസൂല്ലാഹി صلى الله عليه وسلم ആഗതരായിരിക്കുന്നു. ഞാൻ റസൂൽ صلى الله عليه وسلم നോട് ചോദിക്കുകയാണ്. ''ഹുസൂർ ഇക്കാലത്ത് മിർസാ സാഹിബ് മഹ്ദിയും മസീഹുമാണെന്ന് വാദിച്ചിരിക്കുന്നു. അദ്ദേഹം തന്റെ വാദത്തിൽ സത്യവാനാണോ.'' ഹുസൂർ صلى الله عليه وسلم പറഞ്ഞു. ''അതെ സത്യവാനാണ്.'' ഞാൻ പറഞ്ഞു. ''ഹുസൂർ സത്യം ചെയ്ത് പറഞ്ഞാലും'' (സ്വപ്നത്തിലാണ് പറയുന്നത്) തിരുദൂതർ صلى الله عليه وسلم പറഞ്ഞു. ''എനിക്ക് സത്യം ചെയ്യേണ്ട ആവശ്യമെന്തിരിക്കുന്നു. ഞാൻ അമീനാണ്. ആകാശഭൂമികളിൽ ഞാൻ അമീനാണ്.'' അദ്ദേഹം പറയുന്നു. ''പിറ്റേന്ന് രാവിലെ തന്നെ ഞാൻ എന്റെ ബൈഅത്ത് സ്വീകരിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് കത്തയച്ചു. അതിൽ തിരുനബി صلى الله عليه وسلم യുടെ സലാമും എഴുതിയിരുന്നു. അതിനുശേഷം 1900 ൽ ഖാദിയാനിൽ വരികയും ഹുസൂറിന്റെ കയ്യിൽ ബൈഅത്ത് ചെയ്യുകയും ചെയ്തു.''

ഹസ്റത്ത് മാസ്റ്റർ ഖലീലുർറഹ്മാൻ സാഹിബ് رضي الله عنه എഴുതുന്നു. ''14-ാം വയസ്സിൽ (1896 ൽ) എഴുത്തു മുഖേനയുള്ള ബൈഅത്താണ് ഞാൻ ചെയ്തത്. എന്റെ പിതാവ് മൗലവി നേക്ക് അലാം സാഹിബ്, മൗലവി ഗരീബുല്ലാഹ് സാഹിബ് മൗസാക്കാൻബി رضي الله عنه എന്നിവരോടൊപ്പമാണ് ബൈഅത്ത് ചെയ്തത്. 1898 ൽ ജൽസയിൽ ഡിസംബർ തുടക്കത്തിൽ തന്നെ ഹുസൂറിന്റെ സന്നിധിയിൽ ഹാജറായി. ഇദ്ദേഹത്തിന്റെ ഒരു നിവേദനം. കറംദീനുമായുണ്ടായ കേസ്സിനായി ജഹ്ലം എന്ന സ്ഥലത്ത് വന്നപ്പോൾ ഈ അല്ലാഹുവിന്റെ ഫയൽവാന്റെ സവിധത്തിൽ ഞാൻ ഹാജറായി. 1907 ലെ ജൽസാ സാലാനയിലും പങ്കെടുത്തിരുന്നു. അന്ന് അവസാന കൂടിക്കാഴ്ച ഒന്നര ആഴ്ച നീണ്ടുനിന്നു. അദ്ദേഹം തുടർന്ന് വിവരിക്കുന്നു. മസീഹ് മൗഊദ് عليه السلام മുമായുള്ള ആദ്യ മുലാഖാത്തിൽ തന്നെ ഞാൻ ഫർള് നമസ്ക്കാരങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് ഇടത്തോ വലത്തോ ഒന്നാമത്തെ സഫ്ഫിൽ തന്നെ സ്ഥലം പിടിക്കുമായിരുന്നു. അക്കാലത്ത് ഫർള് നമസ്ക്കാരത്തിനുശേഷം ഏകദേശം അരമണിക്കൂറിനോടടുത്ത സമയം വരെ തന്റെ സഹാബാക്കളുടെ കൂടെ ഇരിക്കുമായിരുന്നു. അമൂല്യമായ ഉപദേശങ്ങൾ മുഖേന തന്റെ അനുയായികളെ അനുഗ്രഹിക്കാറുണ്ടായിരുന്നു. പലപ്പോഴും രാത്രി ഭക്ഷണം (മഗ്രിബിന് ശേഷം) പള്ളിയിൽ വെച്ചുതന്നെയാണ് കഴിക്കാറുണ്ടായിരുന്നത്. സുബ്ഹി നമസ്ക്കാരത്തിനുശേഷവും മഗ്രിബ് ഇശാ നമസ്ക്കാരത്തിനിടയിലുള്ള സമയങ്ങളിലുമാണ് പൊതുവിൽ സഹാബത്തിന്റെ കൂടെ ഇരിക്കാറുണ്ടായിരുന്നത്. ഈ ദിനങ്ങളിൽ വിനീതന് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലുകൾ തടവിക്കൊടുക്കാനുള്ള സൗഭാഗ്യം ലഭിക്കാറുണ്ടായിരുന്നു. അന്ന് എന്റെ പ്രായം വളരെ ചെറുതായതുകൊണ്ടും നാണം കാരണമായും ആദരവിനാലും പ്രവാചകപ്രഭാകാരമായും ഹുസൂറിനോട് ഞാനൊന്നും ചോദിക്കാറില്ല. എനിക്ക് വല്ലതും സംസാരിക്കാനുള്ള ധൈര്യവും ഒരിക്കലും വന്നില്ല. ഹുസൂറിന്റെ സംസാരങ്ങളെല്ലാം സഹാനുഭൂതിയും വാത്സല്യവും നിറഞ്ഞതും ശിക്ഷണപരവുമായിരുന്നു. എന്നാൽ പ്രവാചകപ്രൗഢി കാരണം ഈ വിനീതന് എന്തെങ്കിലും സംസാരിക്കാൻ ഒരിക്കലും കഴിഞ്ഞിട്ടില്ല. എനിക്ക് ഒന്നുംതന്നെ ചോദിക്കാൻ കഴിഞ്ഞില്ല എന്നത് എന്റെ തന്നെ ന്യൂനതയാകയാൽ ഞാൻ എപ്പോഴും ശ്രദ്ധാപൂർവ്വം നിശബ്ദനായി ഹുസൂറിന്റ വാക്കുകൾ ചെവികൂർപ്പിച്ചുകേൾക്കുന്നതിൽ തന്നെ മുഴുകുകയാണുണ്ടായത്. ഒരിക്കൽ സർദാർ ഫസ്ൽ ഹഖ് സാഹിബ് മർഹും അഹ്മദി رضي الله عنه നെക്കുറിച്ച് ഹുസൂർ പറഞ്ഞു. ''ആർക്കെങ്കിലും തിരുദൂതർ صلى الله عليه وسلم യുടെ സഹാബിയെ കാണാൻ ആഗ്രഹമുണ്ടെങ്കിൽ ഈ സർദാർ സാഹിബിനെ വന്നു കാണട്ടെ. അദ്ദേഹം ഭൗതിക സമ്പത്തിനെ തട്ടിമാറ്റി ഇസ്ലാമിന്റെ ഉണക്കറൊട്ടിയാണ് ഇഷ്ടപ്പെട്ടത്. മുൻശി മിർസ ജലാലുദ്ദീൻ സാഹിബ് അഹ്മദി മർഹൂം എന്റെ ബന്ധുവാണ്. അഞ്ചാമെ ആഥം എന്ന പുസ്തകത്തിൽ 313 സഹാബാക്കളുടെ ലിസ്റ്റിൽ ഇദ്ദേഹത്തിന്റെ പേര് ഒന്നാമത്തെ പേജിൽ

തന്നെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام എഴുതിയിട്ടുണ്ട്. ഗുലാം ശാ സാഹിബ് മർഹും അഹ്മദി തഹ്സീൽ ഖാദിയാൻ, മൗലവി ബുർഹാനുദ്ദീൻ സാഹിബ് മർഹൂം رضي الله عنه എന്നിവർക്കും എനിക്കും എന്റെ പിതാവിനും ഇദ്ദേഹം മുഖേനയാണ് അഹ്മദിയ്യത്ത് ലഭിച്ചത്.

സയ്യിദ് സാഹിബ് رضي الله عنه എന്റെ പിതാവിന്റെ മുൻ ഉസ്താദു കൂടിയാണ്. മുഹാസിബ് സദർ അഞ്ചുമൻ അഹ്മദിയ്യാ ആയിരുന്ന മിർസാ മുഹമ്മദ് അശ്റഫ് സാഹിബ് മുഹാജിർ എന്റെ അമ്മായിയുടെ മകനാണ്. ഈ ദിവസങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സമക്ഷം ഒരാൾ പറഞ്ഞു. ''ഹുസൂർ അടുക്കളയിൽ ഇടക്കിടക്ക് സന്ദർശിച്ചാലും.'' അപ്പോൾ ഹുസൂർ عليه السلام പറഞ്ഞു. ''ക്ഷമിച്ചാലും. എനിക്കവിടെ വരാൻ കഴിയില്ല. അവിടെ ഹുക്ക വെച്ചിട്ടുണ്ട്. ഹുക്ക കാണുമ്പോൾ തന്നെ ഞാൻ അടിമുടി ലജ്ജിതനായിത്തീരുന്നു. ഹുക്ക ഉപയോഗിക്കുന്നവരോട് എനിക്ക് വെറുപ്പില്ല. ചിലർ ബൈഅത്തിന് എന്റെ അടുത്ത് വരുന്നു. അവരുടെ താടി പൂർണ്ണമായും വടിച്ചിട്ടുണ്ടാകും. അവരുടെ വായിൽ നിന്നും മദ്യത്തിന്റെ ദുർഗന്ധം വരുന്നുമുണ്ടാകും അവരെയും ഞാൻ മനസ്സിൽ വെറുക്കാറില്ല. എന്റെ അടുത്ത് അവർ നിൽക്കുകയാണെങ്കിൽ അതല്ലെങ്കിൽ എന്റെ അടുത്തേക്ക് സ്ഥിരമായി വന്നുകൊണ്ടിരിക്കുകയാണെങ്കിൽ അല്ലാഹുതആല അവരെ ഭയഭക്തിയുള്ളവരും പരിശുദ്ധരുമാക്കിമാറ്റും എന്നത് എന്റെ അടിയുറച്ച വിശ്വാസമാണ്.''

ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി رضي الله عنه യുടെ ഒരു നിവേദനമാണ് അടുത്തത്. ഇദ്ദേഹത്തിന്റെ പിതാവ് മുഹമ്മദ് ഹുസൈൻ സാഹിബ് ഗുജ്റൻവാലയാണ്. ഇദ്ദേഹം ബൈഅത്ത് ചെയ്തത് 1897 ലാണ്. ഒരു സംഭവം വിവരിക്കുന്നു. ''ഖാദിയാനിൽ ദാറുൽ മസീഹിൽ മിയാം ബശീർ അഹ്മദ് സാഹിബ് താമസിക്കുന്ന വീടിന്റെ കവാടം ഇടവഴിയിലേക്കാണ് തുറക്കുന്നത്. അവിടെ കുറച്ച് സുഹൃത്തുക്കളെ ഒരുമിച്ചു കൂട്ടിക്കൊണ്ട് മസീഹ് മൗഊദ് عليه السلام ഒരു പ്രഭാഷണം നടത്തി. ഹുസൂർ പറഞ്ഞു. ഞാൻ ഹൈസ്ക്കൂൾ സ്ഥാപിക്കാനുണ്ടായ കാരണം അവിടെ നിന്ന് ജനങ്ങൾ വിദ്യ അഭ്യസിച്ച് മാനവ സമൂഹത്തിന് തബ്ലീഗ് ചെയ്യുന്നവരായിത്തീരാനാണ്. എന്നാൽ ദുഃഖകരമെന്നുപറയട്ടെ ജനങ്ങൾ ഇംഗ്ലീഷ് പഠിച്ച് തങ്ങളുടെ ബിസിനസ്സിൽ മുഴുകുന്നു. എന്റെ യഥാർത്ഥ ലക്ഷ്യം കരഗതമാകുന്നില്ല. അതുകൊണ്ട് പൂർണ്ണമായും മതപഠനത്തിനുമാത്രമായ ഒരു മദ്രസ സ്ഥാപിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. മതപഠനത്തിന് തന്റെ മക്കളെ അല്ലാഹുവിന് വേണ്ടി ഈ മദ്രസയിൽ പ്രവേശിപ്പിക്കുവാൻ തയ്യാറുള്ളവർ ആരെങ്കിലുമുണ്ടോ. അപ്പോൾ ഏഴോ എട്ടോ വയസ്സുള്ള എന്റെ മകൻ ഉബൈദുല്ലാഹ് മർഹും എന്റെ കൂടെ ഉണ്ടായിരുന്നു. മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബായിരുന്നു അക്കാലത്ത് മദ്രസ അഹ്മദിയ്യായുടെ ഹെഡ്മാസ്റ്റർ. ഞാൻ ഉടനെ അവനെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ ഏൽപ്പിച്ചു. അക്കാലത്ത് ഫസ്ലുദ്ദീൻ എന്നു പേരുള്ള സിയാൽ കോട്ടിലെ ഒരു ഇടത്തരം പൊക്കമുള്ള ഒരാളുണ്ടായിരുന്നു. ഹദ്റത്ത് സാഹിബ് ഉബൈദുല്ലായെ തന്റെ തിരുകരം കൊണ്ട് പിടിച്ച് ഫള്ലുദ്ദീനെ ഏൽപ്പിച്ചു. എന്നിട്ടു പറഞ്ഞു. ഇവനെ അഹ്മദിയ്യാ സ്കൂളിൽ പ്രവേശിപ്പിക്കുക. ചുരുക്കത്തിൽ ആ ഉബൈദുല്ലാഹ് മദ്രസ അഹ്മദിയ്യായിൽ നിന്നും പഠിച്ച് മൗലവി ഫാസിൽ ബിരുദം കരസ്ഥമാക്കി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ന്റെ കാലത്ത് മൗറീഷ്യസിലേക്ക് അയക്കപ്പെട്ടു. അദ്ദേഹം ഏഴു വർഷം അവിടെ തബ്ലീഗ് ചെയ്ത് മരണപ്പെട്ടു. ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ന്റെ കാലത്ത് ഇന്ത്യയിലെ ആദ്യ അഹ്മദി ശഹീദ് എന്ന സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. മൗലവി ഉബൈദുല്ലാഹ് സാഹിബ് മൗറീഷ്യസിൽ മുബല്ലിഗായിരുന്നു. അദ്ദേഹം അവിടെവെച്ച് മരിക്കുകയും അവിടെതന്നെ ഖബറടക്കപ്പെടുകയും ചെയ്തു.'' (അദ്ദേഹത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പിതാവാണ് ഇത് പറയുന്നത്)

മറ്റൊരു സംഭവം: ''ഇന്ന് ഗുർദാസ്പൂരിൽ കരംദീൻ ന്റെ കേസിന്റെ തീയ്യതിയാണ് എന്ന് അറിയാൻ കഴിഞ്ഞു. അവിടേക്ക് ഹദ്റത്ത് സാഹിബ് പോയിട്ടുണ്ടെന്നും അറിഞ്ഞു. നമ്മുടെ വീട്ടിലുണ്ടായിരുന്ന പണമെല്ലാം ചെലവഴിച്ചുകഴിഞ്ഞെന്നും അറിഞ്ഞു. ഞാൻ ഉടനെ ഗുർദാസ്പൂരിൽ എത്തി. ഹുസൂർ സുബ്ഹി നമസ്ക്കാരത്തിന് ശേഷം കിടക്കുകയായിരുന്നു. ഒരാൾ ശരീരം തടവിക്കൊടുക്കുന്നുണ്ടായിരുന്നു. ഞാനവിടെ എത്തിയ ഉടനെ കാൽ തടവാൻ തുടങ്ങി. ഞാൻ അക്കാലത്ത് നല്ല ആരോഗ്യവാനായിരുന്നു. എന്റെ ഉസ്താദുമാരെ സേവിക്കാൻ എനിക്ക് എനിക്ക് ഭാഗ്യം ലഭിക്കാറുണ്ടായിരുന്നു. എനിക്ക് തടവിക്കൊടുക്കുന്ന ശീലം ഉണ്ടായിരുന്നു. ഞാൻ ശരിയായ രീതിയിൽ തടവാൻ തുടങ്ങിയപ്പോൾ ഹുസൂറിന് അത് ഉടനെ മനസ്സിലായി. ഉടനെ മുഖത്ത് നിന്ന് പുതപ്പ് മാറ്റി എന്നെ നോക്കിക്കൊണ്ട് പറഞ്ഞു. ''ഹാഫിസ് സാഹിബ് നിങ്ങൾ തൃപ്തനാണോ. സന്തോഷം തന്നെയല്ലെ. എപ്പോഴാണ് വന്നത്.'' ഞാൻ പറഞ്ഞു. ''ഹുസൂർ ഇപ്പോൾ വന്നതേയുള്ളൂ.'' അദ്ദേഹം ഇതെഴുതിയതിനുശേഷം എഴുതുകയാണ്. ഇവിടെ പ്രത്യേകമായി എടുത്ത് പറയേണ്ടതും എന്റെ ഹൃദയത്തിൽ എപ്പോഴും സന്തോഷം നൽകുന്നതുമായ കാര്യം ഞാൻ പറയുകയാണ്. ''ഞാൻ അപ്പോൾ ഹുസൂറിനോട് ചോദിച്ചു. ഹുസൂർ എന്നെ അറിയുമോ.'' ''ഹാഫിസ് സാഹിബ് ! എനിക്ക് നിങ്ങളെ അറിയില്ലെന്നോ.'' ''ഈ വാക്ക് കേട്ടപ്പോൾതന്നെ എന്റെ കണ്ണുകൾ അശ്രുകണങ്ങളാൽ നിറഞ്ഞു. കാരണം ഹുസൂർ പറഞ്ഞിരുന്നു. എന്നെ അറിയുന്നവരും ഞാൻ അറിയുന്നവരും പ്ലേഗിൽ നിന്നും സുരക്ഷിതരായിരിക്കുന്നതാണ്.'' മറ്റു കാര്യങ്ങളും സംസാരിച്ചുകൊണ്ടിരുന്നു. കുറച്ച്നേരം കഴിഞ്ഞപ്പോൾ മറ്റു ചിലരും വന്നു. സംസാര മധ്യേ ചൗധരി ഹഖീം അലി സാഹിബ് പന്നിയാരി പറഞ്ഞു. ''ഹുസൂർ ഇന്ന് വെള്ളിയാഴ്ചയാണ്. മൗലവി അബ്ദുൽ കരീം സാഹിബ് ഇതുവരെ എത്തിയിട്ടില്ല. ആരാണ് ജുമുഅ നമസ്ക്കരിപ്പിക്കുക.'' ഹുസൂർ ഉടനെ പറഞ്ഞു. ''ഇതാ നമ്മുടെ ഹാഫിസ് സാഹിബില്ലെ. ഇദ്ദേഹം ജുമുആ നിർവ്വഹിക്കും.'' ഇത്കേട്ട് എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല. അല്ലാഹുവിന്റെ വരിഷ്ഠ ദാസന്റെ മുമ്പിൽ പാപിയായ ഈ ഞാൻ എന്ത് പറയാനാണ്. എനിക്കെങ്ങനെ അദ്ദേഹത്തിന്റെ മുമ്പിൽ ഖുത്വുബക്കായി നിൽക്കാൻ കഴിയും. ഉടനെ ജുമുഅക്ക് ഇനിയും കുറേ സമയമുണ്ടല്ലോ മറ്റുവല്ല പേരും വന്നേക്കാം എന്ന് കരുതി മനസ്സിനെ ആശ്വസിപ്പിച്ചു. അവസാനം ജുമുഅ സമയം വന്നെത്തി. വന്നവർ സഫ്ഫുകളിൽ വന്നിരുന്നു.ഞാൻ പേടിച്ചുകൊണ്ട് വടക്കുഭാഗത്ത് പോയിരുന്നു. ബാങ്ക് കൊടുത്തു. അപ്പോൾ ഹദ്റത്ത് സാഹിബ് ചോദിച്ചു; ''ഹാഫിസ് സാഹിബ് എവിടെ.'' ഉടനെ ഒരാൾ എന്നെ വിളിച്ച് ഹുസൂറിന്റെ അടുത്തെത്തിച്ചു. ഞാൻ ഹുസൂറിന്റെ ചെവിയിൽ പതുങ്ങിയ സ്വരത്തിൽ ഇപ്രകാരം പറഞ്ഞു. ''ഹുസൂർ ഞാൻ പാപിയാണ്. ഹുസൂറിന്റെ മുമ്പിൽ നിന്നുകൊണ്ട് വല്ലതും പറയാനുള്ള കരുത്ത് എനിക്കില്ല.''ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞു. ''നിങ്ങൾ മുന്നോട്ട് വന്നാലും ഞാൻ താങ്കൾക്കായി പ്രാർത്ഥിക്കുന്നതാണ്.''അങ്ങനെ എന്നെ മുസല്ലയിൽ കൊണ്ടുനിർത്തി. ഞാൻ അല്ലാഹുവിൽ ഭാരമേൽപ്പിച്ചുകൊണ്ട് ഖുത്വുബ തുടങ്ങി. സൂറ ഫുർകാനിലെ **തബാറക്കല്ലദീ** എന്നു തുടങ്ങുന്ന കുറച്ചു ആയത്തുകൾ പാരായണം ചെയ്തു. അല്ലാഹുവിന്റെ തൗഫീക്കോടുകൂടി അറിയുന്ന ചില കാര്യങ്ങൾ ഞാൻ കേൾപ്പിച്ചു. ഹുസൂർ എനിക്ക് വേണ്ടി അപ്പോഴെല്ലാം

ദുആ ചെയ്യുന്നതായി ഞാൻ കാണുന്നുണ്ടായിരുന്നു. എന്റെ ഹൃദയം വിശാലത കൈവരിക്കാൻ തുടങ്ങി. അന്ന് മുതൽ ഇന്ന് വരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏതെങ്കിലും ചർച്ചയിലോ പ്രസംഗത്തിലോ എനിക്ക് ഒരു സംങ്കോചവും നേരിട്ടിട്ടില്ല. **അൽഹംദുലില്ലാഹ് അലാദാലിക്.** 1933 ൽ ഹിജ്റത്ത് ചെയ്ത് വന്നപ്പോൾ മസ്ജിദ് അഖസയുടെ ഇമാമത്ത് പദവി എന്നെ ഏൽപ്പിച്ചത് ഇതിന്റെ അനുഗ്രഹമായിട്ടാണ് ഞാൻ കരുതുന്നത്.''

മറ്റൊരു സംഭവം എഴുതുന്നു. ''ഒരിക്കൽ ഞാൻ ഖാദിയാനിലെത്തി എന്റെ പേരിലുള്ള കേസ്സുകളെക്കുറിച്ച് സംസാരിക്കുകയായിരുന്നു. എതിരാളികൾ കള്ളകേസുകളുണ്ടാക്കി, കള്ളസത്യങ്ങൾ ചെയ്തു കൊണ്ട് എന്റെ വീട് അപഹരിച്ചിരിക്കുന്നു. ഇതുകേട്ടപ്പോൾ ഹുസൂർ പറഞ്ഞു. ''ഹാഫിസ് സാഹിബ്. ആളുകൾ കുട്ടികളുടെ കല്ല്യാണത്തിനും സുന്നത്ത് കർമ്മം നടത്തുന്നതിന്റെ പേരിലും വീടുകൾ നശിപ്പിക്കുന്നു. അല്ലാഹുവിന് വേണ്ടി നിങ്ങളുടെ വീട് പോയിട്ടുണ്ടെങ്കിൽ പോകട്ടെ. അല്ലാഹു ഇതിനേക്കാളും ഉത്തമമായതിനെ തരുന്നതാണ്.'' അല്ലാഹുവാണെ സത്യം ഈ പവിത്രമായ വാക്കുകൾ കേട്ടുടനെ എന്റെ മനസ്സിൽ നിന്ന് വീടു നഷ്ടപ്പെട്ട ചിന്ത തന്നെ പോയി മറഞ്ഞു. എനിക്ക് അല്ലാഹു ഈ ഖാദിയാൻ എന്ന പവിത്ര മണ്ണിൽ ഇടം നൽകി. അതിനെക്കാളും എത്രയോ നല്ല വീടും നൽകി. ഭാര്യയെയും മക്കളെയും എല്ലാം നൽകി.''

അദ്ദേഹം എഴുതുന്നു. ''ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മറ്റൊരു കാര്യം കൂടി ഓർമ്മവരികയുണ്ടായി. അതും കൂടി എഴുതുകയാണ്. സൗഭാഗ്യവാന്മാർക്കാർക്കെങ്കിലും പ്രയോചനകരമായേക്കാം. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വഫാത്തിനുശേഷം ഒരുദിവസം ഖാജാ കമാലുദ്ദീൻ സാഹിബ് മസ്ജിദ് മുബാറക്കിൽ വെച്ച് പറഞ്ഞു. ''മദ്രസ അഹ്മദിയ്യായിൽ പഠിക്കുന്നവർ മുല്ലയാകും എന്നല്ലാതെ അവർക്കെന്തുചെയ്യാൻ സാധിക്കും.'' അഹങ്കാരത്തോടുകൂടി ഖാജാ സാഹിബ് പറഞ്ഞു. ''തബ്ലീഗ് ചെയ്യുന്ന ജോലി നമ്മുടേതാണ്. (ഖാജാ സാഹിബിനെപോലെയുള്ളവരുടേതാണെന്നർത്ഥം) മദ്രസ അഹ്മദിയ്യ എന്ന സ്ഥാപനം നിർത്തലാക്കണം.'' ആ സമയത്ത് ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കാലത്തെ സംഭവമാണ്. അദ്ദേഹം എഴുന്നേറ്റ് നിന്നുകൊണ്ട് തന്റെ ധീരത പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു. ''ഈ സ്കൂളിനെ അതായത് മദ്രസ അഹ്മദിയ്യായെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ആണ് തുടങ്ങിയത്. ഇത് തുടർന്നുകൊണ്ട് പോകുന്നതാണ്. ഇൻശാ അല്ലാഹ് ഇതിൽ നിന്നും ഉലമാക്കൾ സൃഷ്ടിക്കപ്പെടും. സത്യസന്ദേശം അവർ പ്രചരിപ്പിക്കുന്നതാണ്.'' ഇത്കേട്ടപ്പോൾ തന്നെ ഖാജാ സാഹിബ് അന്തം വിട്ടുപോയി. ഖാജാ സാഹിബിന് അവരുടെ പദ്ധതിയിൽ വിജയിക്കാൻ കഴിയില്ലെന്ന് അപ്പോൾ തന്നെ ബോധ്യമായിട്ടുണ്ടാകും എന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ മദ്രസയിൽ നിന്നും പഠിച്ചിറങ്ങിയ പണ്ഢിതർ ലോകത്ത് തബ്ലീഗ് പ്രവർത്തനം നടത്തുന്നുണ്ടെന്ന് കണ്ണുള്ളവർക്ക് കാണാൻ സാധിക്കുന്നതാണ്.''

മറ്റൊരു സംഭവം എഴുതുന്നു. ''ഒരിക്കൽ ഹ: മസീഹ് മൗഊദ് عليه السلام നടക്കാനിറങ്ങി. ഞാനും കുറച്ചാളുകളുടെ കൂടെ ഉണ്ടായിരുന്നു. അതിൽപെട്ട സിയാൽകോട്ട് ജമാഅത്ത് സെക്രട്ടറി മിസ്തിരി നിസാമുദ്ദീൻ. അദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അദ്ദേഹം എന്നോട് പറഞ്ഞു. ''ഹദ്റത്ത് സാഹിബ് നിങ്ങളോട് വളരെ വാത്സല്യത്തോടെയാണ് പെരുമാറാറുള്ളത്. അതുകൊണ്ട് ഒരു കാര്യം നിങ്ങൾ പറയണം. മറ്റു തഫ്സീറുകൾ ഒന്നും വിശ്വാസയോഗ്യമല്ലാതായിരിക്കുകയാണ്. (അത് കാര്യങ്ങൾ വ്യക്തമാക്കുന്നില്ല. കാലഘട്ടമനുസരിച്ചല്ല അത്). വിശുദ്ധ ഖുർആന്റെ പൂർണ്ണമായ ഒരു വ്യാഖ്യാനം ഹുസൂറിനോട് എഴുതാൻ അപേക്ഷിക്കുക.'' ഇത് കേട്ട് ഞാൻ ഹുസൂറിനോട് പറഞ്ഞു. അപ്പോൾ ഹുസൂർ പറഞ്ഞു. ''ഹാഫിസ് സാഹിബ് ഈ കാലഘട്ടത്തിലേക്കുള്ള വിശദീകരിക്കേണ്ടതും വ്യാഖ്യാനിക്കേണ്ടതുമായ ആയത്തുകൾ എന്റെ മുമ്പിൽ വന്നത് ഞാൻ വിശദീകരിച്ചിട്ടുണ്ട്. ഞാൻ അല്ലെങ്കിൽ നാം പൂർണ്ണമായ ഒരു വ്യാഖ്യാനം രചിക്കുകയാണെങ്കിൽ ഭാവിയിൽ പല വിമർശകരും വരാനുള്ള സാധ്യത ഉണ്ട്. ഈ വിമർശകർക്ക് മറുപടി നൽകുന്നതിനായി തന്റെ പക്കൽ നിന്ന് മറ്റൊരാളെ അല്ലാഹു നിയമിക്കുന്നതാണ്.'' ഇത് കേട്ടപ്പോൾ ഞാൻ നിശബ്ദനായി. മിസ്തിരി നിസാമുദ്ദീൻ സാഹിബും ഇത് കേൾക്കുന്നുണ്ടായിരുന്നു. അദ്ദേഹവും നിശബ്ദനായി. കാലഘട്ടമനുസരിച്ച് വിശുദ്ധ ഖുർആന്റെ നവംനവങ്ങളായ വ്യാഖ്യാനങ്ങൾ വന്നുകൊണ്ടിരിക്കുന്നതാണ്.''

ഇനി മറ്റൊരു രിവായത്ത് ഖാൻ സാഹിബ്, മുൻശി ബർക്കത്ത് അലി സാഹിബിന്റെതാണ്. മുഹമ്മദ് ഫാസിൽ സാഹിബാണ് പിതാവ്. ഡയറക്ടർ ജനറൽ ഇന്ത്യൻ മെഡിക്കൽ സയൻസിലെ ജോലിക്കാരനായിരുന്നു. ഖാദിയാനിൽ നാസിൽ ബൈത്തുൽ മാലായും സേവനമനുഷ്ടിച്ചിട്ടുണ്ട് 1901 ലാണ് ബൈഅത്ത് ചെയ്തത്. 1901 ൽ തന്നെ മസീഹ് മൗഊദ് عليه السلام നെ കണ്ടു. പറയുന്നു. ''1900 ലെ ആരംഭത്തിലാണ് ആദ്യമായി എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെക്കുറിച്ച് അറിയാൻ കഴിഞ്ഞത് എന്നാണ് ഞാൻ ഓർക്കുന്നത്. എനിക്ക് ശിംലയിൽ കുറച്ച് അഹ്മദീ അയൽവാസികളുടെ കൂടെ താമസിക്കാനുള്ള അവസരം കിട്ടിയിരുന്നു. ആ സുഹൃത്തുക്കളുമായി യാദൃശ്ചികമായി സംസാരിക്കുകയും മസീഹ് വാദത്തെക്കുറിച്ചും ഈസാനബിയുടെ മരണത്തെക്കുറിച്ചും സംസാരിച്ചു. ഞാനവരെ ശക്തമായി ഖണ്ഢിക്കാറുണ്ടായിരുന്നു. എന്നാൽ വേണ്ടത്തത് പറയുന്നതിൽ നിന്നും പരിഹസിക്കുന്നതിൽ നിന്നും എപ്പോഴും വിട്ടുനിന്നിരുന്നു. അദ്ദേഹത്തിന് വഫാത്തെ മസീഹിനെക്കുറിച്ച് ബോധ്യമായിരുന്നില്ല. എന്നാലും പരിഹസിച്ച് സംസാരിച്ചിരുന്നില്ല. എതിരാളികൾ എപ്പോഴും ചെയ്യുന്നതുപോലെ ചീത്ത പറയാനൊന്നും അദ്ദേഹം നിന്നില്ല. സദ്പ്രകൃതമായിരുന്നു. അൽപം കഴിഞ്ഞപ്പോൾ എനിക്ക് ഇതിൽ വിശ്വാസം വരാൻ തുടങ്ങി. ആ ദിവസങ്ങളിൽ പീർ മെഹർ അലി ശാ ഗോൾഡവിയുമായി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സംവാദങ്ങളും ചർച്ചകളും നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഹുസൂർ ഈ സംവാദത്തിൽ ശക്തമായി വാദിച്ചിരുന്നത് ഇരു വിഭാഗവും വിശുദ്ധ ഖുർആന്റെ തഫ്സീറിന് അറബി ഭാഷയിൽ എഴുതാൻ തയ്യാറാകുക എന്നായിരുന്നു. നറുക്കെടുത്ത് കൊണ്ട് ഏതെങ്കിലും ഒരു സൂറത്ത് തിരഞ്ഞെടുക്കുകയും എന്നിട്ട് മുഖാമുഖം ഇരുന്ന് ഇരുവിഭാഗവും അതിന്റെ വ്യാഖ്യാനം അറബി ഭാഷയിൽ എഴുതുക. കാരണം لَّا يَمَسُّهُ إِلَّا الْمُطَهَّرُونَ എന്നത് ഖുർആന്റെ വാദമാണ്. കള്ളവാദിക്കും കറ്റ് കെട്ട്കാരനും ഇതിന്റെ ആത്മജ്ഞ്യാനം ഇറക്കപ്പെടുന്നതല്ല. ഇതുമുഖേന ഇരുവിഭാഗത്തിൽ ആരാണ് സത്യവാനെന്നും കള്ളവാദി ആരെന്നും തിരിച്ചറിയാൻ കഴിയുന്നതാണ്. അതേ ദിവസങ്ങളിൽ പീർ സാഹിബ് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. അതിൽ 24 കാര്യങ്ങൾ എഴുതിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام **നഊദുബില്ലാഹ്** കറ്റുകെട്ട്കാരനും ഇസ്‌ലാമിൽ നിന്നും പുറത്താണെന്നും വാദിച്ചിരുന്നു. ഈ വിജ്ഞാപനത്തിൽ പല സ്ഥലത്തും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരണികൾ കാണാമായിരുന്നു. അദ്ദേഹം പറയുന്നു. ''ഞാൻ ഇരു വിഭാഗങ്ങളുടെയും വിജ്ഞാപനങ്ങൾ ശ്രദ്ധിക്കാറുണ്ടായിരുന്നു. (ഇദ്ദേഹം അപ്പോൾ അഹ്മദിയായിരുന്നില്ല.) അവരുടെ വിജ്ഞാപനം കൂടിയാ

യപ്പോൾ ഞാനും അഹ്മദി സുഹൃത്തുക്കളോട് ഒറിജിനൽ ഗ്രന്ഥം എനിക്കെത്തിച്ചുതരാൻ അപേക്ഷിച്ചു. എനിക്ക് അവരെ സ്വന്തം നേരിടാനായിരുന്നു ഇത്. ഞാൻ ഗ്രന്ഥങ്ങൾ നോക്കിയപ്പോൾ ഉദ്ധരണികൾ ചിലതെല്ലാം ശരിയായിക്കണ്ടെങ്കിലും അതിന്റെയെല്ലാം ആശയത്തെ വളച്ചൊടിച്ച് തെറ്റായ രീതിയിൽ അവതരിപ്പിച്ച് അവരുടെ കാര്യം നേടാൻ ശ്രമിച്ചതാണെന്ന് മനസ്സിലായി.'' (ഇന്നും ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ സമർപ്പിച്ചുകൊണ്ടുള്ള ആക്ഷേപങ്ങളുടെ പുതിയ ഒരു രീതി ഇപ്പോൾ ഇവർ ആരംഭിച്ചിരിക്കുകയാണ്. അതിനെ വളച്ചൊടിച്ച് ദുർവ്യാഖ്യാനം ചെയ്ത് വലിയ പോസ്റ്ററുകളാക്കിയും ചെറിയ പുസ്തക രൂപത്തിലും ജമാഅത്തന്നെതിരിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) നെതിരിലും പ്രസിദ്ധീകരിക്കുന്നു. എം.ടി.എയിൽ വരുന്ന **രാഹെ ഹുദാ** എന്ന പ്രോഗ്രാമിലൂടെ ഇതിന് മറുപടി നൽകിക്കൊണ്ടിരിക്കുന്നു. പുതിയ വെബ്സൈറ്റും തുടങ്ങിയിട്ടുണ്ട്. അതിലും മറുപടിയുണ്ട്. പുസ്തകത്തിന്റെ ശരിയായ ഉദ്ധരണി നാം അതിൽ കൊടുക്കുന്നു. ആരെങ്കിലും നേരിട്ട് അന്വേഷിക്കുകയാണെങ്കിൽ അവർക്ക് സത്യം മനസ്സിലാക്കാൻ കഴിയുന്നതാണ്. ചിലർ ഇതു പരിശോധിക്കുന്നുണ്ട്. അതുകാരണം ബൈഅത്തുകളും നടക്കുന്നുണ്ട്. ഇങ്ങിനെയുള്ള ആക്ഷേപശരങ്ങൾ, മുല്ലാക്കളുടെ ഈ പദ്ധതി മുമ്പേ ഉള്ളതാണ്. ഇത് പുതിയ ഒരു കാര്യമല്ല. ചിലപ്പോൾ ജനങ്ങൾ പരിഭ്രമിച്ചുപോകാറുണ്ട്. നമ്മുടെ വെബ്സൈറ്റ് തുടങ്ങിയപ്പോൾ അതിന്റെ ഇൻചാർജ് അഹ്സൻ സാഹിബ് പറഞ്ഞു. ചോദ്യങ്ങളുടെ ശരവർഷം തന്നെയാണ് വരുന്നത്. പക്ഷെ നമുക്ക് ആ രീതിയിൽ മറുപടി തയ്യാറാക്കി അയക്കാൻ കഴിയുന്നില്ല. ഞാൻ അദ്ദേഹത്തോട് പറഞ്ഞിരുന്നത് ''നിങ്ങൾ അൽപം കാത്തിരിക്കുക. ഇവർ നുരയും പതയും പോലെ അൽപം കഴിഞ്ഞ് ഒതുങ്ങിപ്പോകും.'' എന്നാൽ നമുക്കെതിരിൽ വന്ന ആക്ഷേപങ്ങൾക്ക് നാം മറുപടി നൽകിയപ്പോൾ അവരെല്ലാം മിണ്ടാട്ടമില്ലാത്തവരായി മാറി. ഇപ്പോൾ അവർ മറ്റു വെബ്സൈറ്റിൽ നൽകുന്ന സന്ദേശം **അൽഹുദാ** എന്ന സൈറ്റിൽ ആരും പോകരുത്, അത് നമുക്ക് ശരിയായ വഴിയല്ല കാണിച്ചുതരുന്നതെന്നാണ് അവർ പ്രചരിപ്പിക്കുന്നത്. അവർക്ക് നമ്മുടെ കാര്യങ്ങൾക്ക് മറുപടി ഇല്ലാത്തതുകാരണം നിരാശരാണ്. അതിനാൽ മറ്റുള്ളവരെ അവർ തടയുകയാണ്. ചുരുക്കത്തിൽ എപ്പോഴും എതിരാളികളുടെ രീതി ഇതാണ്.

അദ്ദേഹം പറയുന്നു. ''ഇവർ പറഞ്ഞ ഉദ്ധരണികൾ ഉണ്ടെങ്കിലും എല്ലാം വളച്ചൊടിക്കുകയും ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്തിരുന്നു. പീർ മെഹർ അലി ശാഹ് സാഹിബ് തഫ്സീർ എഴുതുന്ന മത്സരത്തിൽനിന്നും വിമുഖത പ്രകടിപ്പിച്ചപ്പോൾ ഹ: മസീഹ് മൗഊദ് (അ) ഇഅ്ജാസുൽ മസീഹ് എന്ന ഗ്രന്ഥം രചിക്കുകയും എന്നിട്ട് ഇത്ര ദിവസത്തിനുള്ളിൽ ഇതിന് മറുപടി എഴുതാൻ പീർ സാഹിബിനോട് അപേക്ഷിക്കുകയും ചെയ്തു. പീർ സാഹിബ് അറബിയിൽ ഒന്നും എഴുതിയില്ല. പിന്നീട് ഞാൻ കേട്ടത് അദ്ദേഹം ഉറുദുവിൽ ഒരു പുസ്തകം എഴുതിയിരിക്കുന്നുവെന്നും, അത് ചോരണം ചെയ്തതാണെന്ന് പിന്നീട് തെളിയിക്കപ്പെടുകയും ചെയ്തു എന്നുമാണ്.'' അദ്ദേഹം പറയുന്നു. ''ഈ പ്രശ്നങ്ങൾക്കിടയിൽ എന്റെ മനസ്സ് അഹ്മദിയ്യത്തിലേക്ക് ചായാൻ തുടങ്ങി. ഹദീസുകളുടെ ഒരു സാഗരം തന്നെയാണ്. അതെല്ലാം പരിശോധിക്കുക പ്രയാസം. അഹ്മദികൾ എപ്പോഴും വിശുദ്ധ ഖുർആനെയാണ് ഉദ്ധരിക്കാറുള്ളത്. അത്കൊണ്ട് വിശുദ്ധ ഖുർആൻ തന്നെ തുടക്കം മുതൽ അവസാനം വരെ ശ്രദ്ധാപൂർവ്വം പഠന വിധേയമാക്കുന്നതായിരിക്കും ഉത്തമം എന്ന് ഞാൻ കരുതി. എനിക്ക് അറബി ഭാഷ അറിയില്ലായിരുന്നു. ഞാൻ ഒരു സുഹൃത്തിനെ കൂടെ കൂട്ടി. വിശുദ്ധ ഖുർആന്റെ ഉർദു പരിഭാഷ വായിച്ചു. ഇത് വായിച്ചപ്പോൾ ഒന്നോ രണ്ടോ ഇരുപതോ മുപ്പതോ ആയത്തുകൾ മാത്രമല്ല ഈസാനബിയുടെ മരണം സ്ഥാപിക്കുന്നതെന്നും എത്രയോ ആയത്തുകൾ എടുത്ത് ഈസാ നബിയുടെ മരണം സ്ഥാപിക്കാൻ കഴിയുമെന്നും ബോധ്യമായി.''

1901 ന്റെ ആരംഭത്തിൽ ജനസംഖ്യാകണക്കെടുപ്പ് തുടങ്ങാറായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. അതിൽ എഴുതിയിരുന്നത് ''എന്നെ സത്യവാനായി ഹൃദയത്തിൽ വിശ്വസിക്കുകയും എന്നാൽ ബാഹ്യമായിട്ട് ഇതുവരെ ബൈഅത്ത് ചെയ്തിട്ടുമില്ലെങ്കിലും അവർക്ക് വേണമെങ്കിൽ തങ്ങളെ അഹ്മദികളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്.'' ആ സമയമായപ്പോഴേക്കും കുറേ ഒക്കെ സത്യം എനിക്ക് വെളിപ്പെട്ടുകഴിഞ്ഞിരുന്നു. കുറച്ചൊക്കെ ചന്ദയും കൊടുത്തു തുടങ്ങിയിരുന്നു. എന്നാലും ഞാൻ ബൈഅത്ത് ചെയ്തിരുന്നില്ല. എന്നാൽ സെൻസസ് കണക്കെടുപ്പിൽ അഹ്മദി എന്ന് അതിന്റെ കോളത്തിൽ എഴുതിപ്പിച്ചു. ഒരിക്കൽ സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ കണ്ടു. പുലർച്ചെ നാല് മണിക്കാണ് ഇത് കണ്ടത്. ഹുസൂർ അടുത്ത റൂമിലെ അഹ്മദികളുടെ അടുത്ത് വന്നിട്ടുണ്ട്. ഹുസൂറുമായി മുലാഖാത്ത് നടത്താൻ ഞാനും ആ റൂമിലേക്ക് പോയി. അങ്ങനെ ഞാൻ പോയി **അസ്സലാമു അലൈകും** എന്ന് പറഞ്ഞു. ഹുസൂർ മറുപടി പറഞ്ഞുകൊണ്ട് **വഅലൈകുമുസ്സലാം** പറഞ്ഞു. എന്നിട്ട് പറഞ്ഞു. ''ബർക്കത്തലി എന്റെ അടുത്തേക്ക് എപ്പോഴാണ് വരുന്നത്.'' ഞാൻ പറഞ്ഞു. ''ഹദ്റത്ത് ഞാനിതാ വരുന്നു.'' അപ്പോൾ ഹുസൂർ കട്ടിലിൽ ഇരിക്കുകയായിരുന്നു. ഷർട്ട് ഇട്ടിട്ടില്ലായിരുന്നു. മുടി നീണ്ടതായിരുന്നു. ഇത് കഴിഞ്ഞ് കുറച്ച് ദിവസങ്ങൾക്ക് ശേഷം എഴുത്ത് മുഖേന ബൈഅത്ത് ചെയ്തു. ഉണർന്നിരിക്കുമ്പോൾ കണ്ട ഇപ്പോഴുള്ള ഒരു കാഴ്ചയായിട്ടാണ് എനിക്കതിപ്പോഴും തോന്നുന്നത്. അതിന് ശേഷം ജൽസാ സാലാനയിൽ പങ്കെടുക്കാൻ ദാറുൽ അമാനിൽ പോയി കൈയ്യിൽ ബൈഅത്ത് ചെയ്യുകയും ചെയ്തു. അപ്പോൾ ഞാൻ ഹദ്റത്ത് സാഹിബിന്റെ മുഖംകണ്ടു. അത് ഞാൻ സ്വപ്നത്തിൽ കണ്ട അതേപോലെ തന്നെയായിരുന്നു. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ യാദൃശ്ചികമായി ഞാൻ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ താമസിക്കുന്ന വീട്ടിൽ എത്തി. ഞാൻ ഒരുകട്ടിലിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ടറസിൽ ഉയർന്ന സ്ഥലത്ത് ഹദ്റത്ത സാഹിബ് വന്നിരുന്നു. കുളി കഴിഞ്ഞ് വന്നതായിരുന്നു. മുടി തുറന്നിട്ടിരിക്കുകയായിരുന്നു. ഷർട്ട് ഇട്ടിട്ടില്ലായിരുന്നു. ഈ രൂപം ഞാൻ നേരത്തെ സ്വപ്നത്തിൽ കണ്ട അതേ രൂപമായിരുന്നു. ഇതെല്ലാം കണ്ടപ്പോൾ എന്റെ ഹിദായത്തിനു വേണ്ടി അല്ലാഹു എനിക്ക് കാണിച്ചുതന്ന സ്വപ്നമാണെന്ന് എനിക്ക് ദൃഢബോധ്യം വരികയുണ്ടായി.''

''ഒരിക്കൽ ളുഹറ് നമസ്ക്കരിച്ച് ജനൽവഴി ഹുസൂർ അകത്തേക്ക് പോകുകയായിരുന്നു. നിത്യവും ഉള്ളതുപോലെ അഹ്മദി അംഗങ്ങൾ ഹുസൂറിന് ചുറ്റും കൂടി. ചിലർ കൈ മുത്തം വെക്കും. ചിലർ ശരീരത്തിൽ തൊട്ട് തന്റെ ശരീരം തടവും. ഞാനും അതിൽ ഉണ്ടായിരുന്നു. അപ്പോൾ ഖലീഫത്തുൽ മസീഹ് അവ്വൽ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് (റ) അടുത്ത്കൂടെ കടന്നുപോയിക്കൊണ്ട് പറഞ്ഞു. ''ഇഖ്ലാസ് വേണം, ഇഖ്ലാസ്.'' അപ്പോൾ എന്റെ മനസ്സ് പറഞ്ഞു ബാഹ്യമായ ഇത് ഒന്നും തന്നയല്ല എന്നത് ശരിതന്നെ. അതോടൊപ്പം ആത്മാർത്ഥത, ഇഖ്ലാസ് ഉണ്ടായിരിക്കണം. ചുംബിക്കലും തൊടലും എല്ലാം ഇഖ്ലാസുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇഖ്ലാസില്ലെങ്കിൽ ഇതുകൊണ്ടൊന്നും കാര്യമില്ല. ഇതിനുശേഷം എപ്പോഴും

ആത്മാർത്ഥതയോടുകൂടി ബന്ധം നിലനിർത്താനാണ് ഞാനെപ്പോഴും ശ്രമിച്ചിട്ടുള്ളത്.''

''ഒരിക്കൽ മസ്ജിദ് മുബാറക്കിൽ ളുഹറ് നമസ്ക്കാരത്തിന് ശേഷം ആരോ പറഞ്ഞു. ''രണ്ട് ആര്യസമാജികൾ മുലാഖാത്ത് നടത്താൻ ആഗ്രഹിക്കുന്നു.'' അപ്പോൾ ഹുസൂർ പള്ളിയിൽ ഇരിക്കുന്നുണ്ടായിരുന്നു. ഹുസൂർ അവർക്ക് രണ്ടുപേരെയും അകത്തേക്ക് വിളിച്ച് സംസാരം തുടങ്ങി. മോക്ഷത്തെക്കുറിച്ച് സംസാരം എത്തിയപ്പോൾ ഹുസൂർ മഹാ പ്രതാപത്തിലായിരുന്നു സംസാരിച്ചുകൊണ്ടിരുന്നത്. ഇതുകാരണം ആര്യസമാജികൾക്ക് അവരുടെ കാര്യങ്ങൾ തുടർന്ന് പറയാൻ പോലും പറ്റാതെയായി. അവസാനം അവർ പറഞ്ഞു. ''മോക്ഷത്തിന് വേദങ്ങൾ വായിക്കണമെന്ന് നിർബന്ധമൊന്നുമില്ല. നല്ല പ്രവർത്തി ആര് ചെയ്താലും അവർക്ക് മോചനം ലഭിക്കുന്നതാണ്.''

''ഒരിക്കൽ എനിക്ക് മസ്ജിദ് അഖ്സയിൽ നിസ്ക്കരിക്കാൻ സാധിച്ചു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ﷺ ആണ് നമസ്ക്കരിപ്പിച്ചിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് ﵇ വന്ന് അവിടെയുള്ള കബറിന്റെ അടുത്തിരുന്നു. അവസരം നോക്കി ഞാനും അടുത്ത്തന്നെ ചെന്നിരുന്നു. നമസ്ക്കാരത്തിൽ ഹുസൂറിന്റെ ഓരോ ചലനവും ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. എങ്ങനെയാണ് ഹുസൂർ നമസ്ക്കരിക്കുന്നത് എന്ന് ഞാൻ വീക്ഷിച്ചു. ഹുസൂർ ഇരുകൈകളും തന്റെ നെഞ്ചോട് ചേർത്ത് കെട്ടി. എന്നാൽ വിരലുകൾ കൈമുട്ടുവരെ എത്തുന്നുണ്ടായിരുന്നില്ല. കഴുത്ത് വലതുഭാഗത്തോട് അൽപം ചെരിഞ്ഞിരിക്കും. ജുമുഅ നമസ്ക്കാരത്തോടൊപ്പം അസർ നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കാൻ പാടുണ്ടോ എന്ന ഒരു വിഷയം അവിടെ ഉദിക്കുകയുണ്ടായി. എന്നാൽ ഹുസൂറിന്റെ നിർദേശപ്രകാരം അന്ന് ജുമുഅയോടുകൂടി അസറും ജമാഅത്തായി നമസ്ക്കരിക്കുകയുണ്ടായി. ഹുസൂറിന്റെ അവസാന നാളുകളിൽ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയം കൈവരിച്ചിരുന്നു. ജൽസാ സാലാനയിൽ അറുനൂറ് എഴുന്നൂറ് പേര് വരാറുണ്ടായിരുന്നു. (അക്കാലത്തെ വിജയത്തിന്റെ കാര്യങ്ങളാണ് സഹാബത്ത് പറയുന്നത്. 600, 700 പേർ വരാറുള്ള കാര്യങ്ങൾ അവർ പറയുന്നു.) ഒരിക്കൽ ഞങ്ങളോട് പറയപ്പെട്ടു; അല്ലാഹുവിന്റെ വഹ്യ് പൂർത്തിയായി എന്നതിനും ദൂരദൂര ദിക്കുകളിൽ നിന്ന് ആളുകൾ ഇവിടേക്ക് വരുന്നുണ്ടെന്നും അനഹ്മദികളും ഹിന്ദുക്കളുമെല്ലാം ദൃസാക്ഷികളാകുന്നതിന് എല്ലാവരും അങ്ങാടിയിൽ കൂടെ നടക്കണമെന്ന് ഹുസൂർ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെതന്നെ ചെയ്യുകയുണ്ടായി.''

ഇന്നുള്ള അഹ്മദികൾ വളരെയധികം നന്ദിയുള്ളവരായിത്തീരേണ്ടതാണ്. ആ സഹാബാക്കളുടെ സന്താന പരമ്പര തന്നെ ഇന്ന് ലോകത്ത് വ്യാപിച്ച് കിടക്കുന്നു. അവരുടെ പരമ്പര തന്നെ ഓരോന്നും നൂറിൽ കൂടുതൽ ഉണ്ടാകും. പുതുതായി പ്രവേശിക്കുന്നവർ വേറെയും അന്ന് ഖാദിയാനിലെ തെരുവുകളിലൂടെ നടത്തി കാണിച്ചു. ഇന്ന് ലോകത്തിന് ഇത് അറിയാം. അഹ്മദിയ്യത്ത് എന്താണെന്ന് പത്രങ്ങളിലും ടെലിവിഷൻ ചാനലുകളിലും ഈ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം നാം അല്ലാഹുവിന് എത്ര നന്ദി രേഖപ്പെടുത്തിയാലും കുറവായിരിക്കും.

അദ്ദേഹം തുടർന്നെഴുതുന്നു. ''അതിഥികൾ തിരിച്ചുപോകുമ്പോൾ ആദ്യം ഹദ്റത്ത് സാഹിബിനോട് അനുവാദം വാങ്ങുമായിരുന്നു. ഇതാണ് അന്നുള്ള രീതി. ഞാനും ഒരിക്കൽ വൈകുന്നേരം ഒരു കത്തെഴുതി പോകാനുള്ള അനുമതി ചോദിച്ചു. അതിനു മറുപടിയായി ഇപ്രകാരം എഴുതി. ''അനുവാദമുണ്ട്. എന്നാൽ രാവിലെ പോകുമ്പോൾ എന്നെ അറിയിക്കണം.'' കൽപനപ്രകാരം അടുത്ത ദിവസം പോകുന്നതിനു മുമ്പെ കാലത്ത് ഹുസൂറിനെ അറിയിച്ചു. ഹുസൂർ യാത്ര അയക്കാൻ വേണ്ടി സ്വയം വരികയുണ്ടായി. മറ്റുപലരും കൂടെ ഉണ്ടായിരുന്നു. ഹുസൂർ ﵇ കുറേ ദൂരം വരെ ഞങ്ങളോടൊപ്പം വന്നു. വഴിമധ്യേ പല കാര്യങ്ങളും സംസാരിച്ചുകൊണ്ടിരുന്നു. ഹുസൂറ് വളരെ ശാന്തമായി നടക്കുന്നതാണ് ഞാൻ കണ്ടത്. കണ്ടാൽ തോന്നും വളരെ പതുക്കെയാണ് നടക്കുന്നതെന്ന്. എന്നാൽ അതും നല്ല സ്പീടുണ്ടായിരുന്നു. സേവകന്മാർക്ക് കൂടെ എത്താൻ വളരെ പാടുപെടേണ്ടി വന്നിരുന്നു. കുട്ടികൾ ഓടിഓടിയാണ് കൂടെ എത്തിയിരുന്നത്.''

''1900 ൽ ബംഗാൾ വിഭജനം അന്ന് വലിയ ചർച്ചാവിഷയമായിരുന്നു. മനുഷ്യരുടെ കടമകൾഎന്ന വിഷയത്തിൽ ഞാൻ ഒരു പ്രബന്ധം ഇതുസംബന്ധമായി എഴുതി. നിയമലംഘനപ്രവർത്തനത്തെ ഹുസൂർ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. തന്റെ ജമാഅത്തിനെയും കൂറു പുലർത്തുന്നവരാകാൻ എപ്പോഴും ഉപദേശിക്കുമായിരുന്നു. ഈ പരിതസ്ഥിതിയിൽ ഒരു പ്രബന്ധം തയ്യാറാക്കി ഹുസൂറിന്റെ സമക്ഷം ഞാൻ സമർപ്പിച്ചു. എന്നിട്ട് ഹുസൂർ ഇഷ്ടപ്പെടുകയാണെങ്കിൽ ഇത് പ്രസിദ്ധീകരിക്കാൻ പത്രത്തിലേക്ക് അയച്ചുകൊടുക്കാൻ ഞാൻ അപേക്ഷിക്കുകയും ചെയ്തു. അത് ഹുസൂർ അൽബദറിൽ പ്രസിദ്ധീകരിപ്പിക്കുകയുണ്ടായി. ഇക്കാലത്ത് ചിലനാടുകളിൽ ഇങ്ങിനെയുള്ള അവസ്ഥയാണ്. അവർ ഓർക്കേണ്ടതാണിത്. നിയമലംഘനത്തെ ഹുസൂർ ഇഷ്ടപ്പെട്ടിട്ടില്ലെന്ന് മാത്രമല്ല അതിന്നെതിരിൽ എഴുതിയ ലേഖനം പ്രസിദ്ധീകരിപ്പിക്കുകയാണുണ്ടായത്. ഒരിക്കൽ മഗ്രിബ് നമസ്ക്കാരത്തിന് ശേഷം ഹുസൂർ മുറ്റത്ത് ഇരിക്കുകയായിരുന്നു. ഇവിടത്തെ തഹസിൽദാർ കാലത്ത് മിനാരം ഉണ്ടാക്കുന്ന സ്ഥലം സന്ദർശിക്കാൻ വരുന്നുണ്ടെന്ന് ആരോ പറഞ്ഞു. ഹുസൂർ മിനാരത്തുൽ മസീഹ് ഉണ്ടാക്കാൻ ഉദ്ദേശിച്ചിരുന്നു. അത് ഉണ്ടാക്കുന്നതിന് മുമ്പുള്ള കാര്യമാണിത്. ഖാദിയാനിലെ ഹിന്ദുക്കളും മറ്റും ഇതിനെ എതിർക്കുകയാണ് ചെയ്തത്. മിനാരം ഉണ്ടാക്കാൻ അനുവാദം നൽകരുതെന്ന് ഇവർ ഗവൺമെന്റിന് പരാതി നൽകിയിരുന്നു. തഹ്സിൽദാറിന്റെ ആഗമനത്തെ കുറിച്ചറിഞ്ഞപ്പോൾ ഹുസൂർ പറഞ്ഞു. ''വളരെ നല്ല കാര്യമാണിത്. നമ്മുടെ സുഹൃത്തുക്കൾ അദ്ദേഹത്തെ നല്ല രീതിയിൽ സ്വീകരിക്കേണ്ടതാണ്. ആ സ്ഥലം അദ്ദേഹത്തിന് കാണിച്ചുകൊടുക്കുക. മിനാരം ഉണ്ടാകുമെന്നത് അല്ലാഹു തീരുമാനിച്ചുകഴിഞ്ഞതാണ്. അത് തടയാൻ ആരാലും സാധിക്കുകയില്ല.''അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് നിർമ്മിക്കുകയുണ്ടായി.''

ഹുസൂറ് സദസ്സിൽ ഇരിക്കുന്നതിനെക്കുറിച്ച് എഴുതുന്നു. ''ഹുസൂർ സദസ്സിൽ ഇരിക്കുമ്പോൾ ദൃഷ്ടികൾ താഴോട്ട് പതിഞ്ഞിരിക്കും. കണ്ണടഞ്ഞതു പോലെയാണ് തോന്നുക. എന്നാൽ എന്നെ നോക്കുമ്പോൾ ആ ദൃഷ്ടി അത് എനിക്ക് താങ്ങാൻ കഴിഞ്ഞിരുന്നില്ല. ഞാൻ ഉടനെ താഴേക്ക് നോക്കും.''

അവസാനദിവസങ്ങളിലെ ഒരു സംഭവം എഴുതുന്നു. ''ഞാൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ﷺ മുഖേന മുലാഖാത്തിനുള്ള ഒരു കത്ത്കൊടുത്തയച്ചു. അദ്ദേഹത്തിന് അപ്പോൾ 17, 18 വയസ്സാണ്. ഹുസൂർ അനുവാദം നൽകുകയും മുകളിലെ മുറിയിലേക്ക് വിളിപ്പിക്കുകയും ചെയ്തു. ഞാൻ പറഞ്ഞു ''അനഹ്മദി ആയിരുന്ന കാലത്ത് ഞങ്ങളുടെ ഓഫീസിലെ ഒരു ഫണ്ടിൽ ഞാൻ ചേർന്നിരുന്നു. ഫോർച്ചൂൺ ഫണ്ട് എന്നാണ് അതിന്റെ പേര്. അതിനാൽ പതിനാറ് പേര് ഇതിൽ ഉണ്ടായിരുന്നു. മാസംതോറും എട്ടണ ചന്ദയായി വാങ്ങും. പിരിഞ്ഞുകിട്ടിയ സംഖ്യം ഉപയോഗിച്ച് ലോട്ടറി ഇടുമായിരുന്നു. അതിന്റെ ലാഭവിഹിതം അംഗങ്ങൾക്കിടയിൽ വിതരണം നടത്തും.

അഹ്മദി ആയതിനുശേഷവും ഇത് തുടർന്നുകൊണ്ടിരുന്നു. ഒരിക്കൽ ഒരുലക്ഷത്തി പതിനയ്യായിരം രൂപയുടെ ലോട്ടറി ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. 7500 രൂപ എനിക്ക് ലഭിച്ചു. ഈ പ്രവർത്തി അനുവദനീയമാണോ എന്ന് ചോദിക്കാം എന്നെനിക്ക് തോന്നുകയുണ്ടായി. ഹുസൂറ് അതിന് മറുപടി പറഞ്ഞത് ഇപ്രകാരമാണ്. ''ഇത് അനുവദനീയമല്ല. ഇസ്‌ലാമിന്റെ പ്രചാരണപ്രവർത്തിന് ഈ സംഖ്യ വിനിയോഗിക്കേണ്ടതാണ്. അല്ലാഹുവിന് ഒന്നും ഹറാമായിട്ടില്ല.'' അദ്ദേഹം ചന്ദയായും പാവങ്ങൾക്കായും നൽകുകയുണ്ടായി.

മുഹമ്മദ് ഇസ്‌മായീൽ സാഹിബ് സിക്ക്‌വാമിന്റെ ഒരു രിവായത്താണ് അടുത്തത്. ഇദ്ദേഹത്തിന്റെ പിതാവ് മൗലവി ജലാലുദ്ദീൻ സാഹിബാണ്. 1904 ൽ ഹദ്റത്ത് മസീഹ് മൗഊദിനെ സന്ദർശിച്ചു. ''എനിക്ക് ഇരുപത് വയസ്സുള്ളപ്പോൾ ഉള്ള സംഭവമാണ്. ഗുർദാസ്‌പൂരിൽ കരംദീൻ ജഹ്‌ലമിയുടെ കേസ്സിന്റെ വിധി കേൾപ്പിക്കാൻ പോകുകയായിരുന്നു. ഒരു ദിവസം മുമ്പെ ഞാൻ അവിടേക്ക് പോയി. അവിടെ ഒരു ബംഗ്ലാവിൽ ഹുസൂർ താമസിച്ചിരുന്നു. ചൂടുകാലമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു റൂമിലാണ് ഇരുന്നിരുന്നത്. മിയാൻ ജമാലുദ്ദീൻ സാഹിബ്, മിയാൻ ഇമാമുദ്ദീൻ സാഹിബ്,ചൗധരി അബ്ദുൽ അസീസ് സാഹിബ് എന്നിവർ അവിടെ ഉണ്ടായിരുന്നു. ഞാൻ ചെന്ന് വിശറിയെടുത്ത് വീശിക്കൊടുത്തു. ഹുസൂർ عليه السلام എന്നെ നോക്കിക്കൊണ്ട് എന്റെ ഉപ്പ മൗലവി ജമാലുദ്ദീൻ സാഹിബിനോട് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. ''മിയാൻ ഇസ്‌മാഈൽ വന്ന് പ്രതിഫലം കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നു.'' ഈ ചെറിയ സേവനത്തെപ്പോലും വിലകൽപ്പിച്ച ഹുസൂറിന്റെ ആ പ്രവർത്തനം ഓർക്കുമ്പോൾ എനിക്കിപ്പോഴും അന്തവും കുളിർമയും അനുഭവപ്പെടുന്നു.''

മുഹമ്മദ് അക്ബർ സാഹിബ് പഠാൻ എഴുതുന്നു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് റഹീം ബക്ശ് സാഹിബ് എന്നാണ്. ''എന്റെ പിതാവിന്റെ പിതൃ സഹോദരൻ അമീർ ബഖ്ശ് സാഹിബ് മുസഫർ ഗഢ് ജില്ലയിലെ സബ് ഇൻസ്പെക്ടർ പോലീസായിരുന്നു. ഞാൻ അഹ്മദി ആയതിനുശേഷം അദ്ദേഹം പെൻഷൻ വാങ്ങി ജില്ല ഡേരഗാസിലേക്ക് വന്നു. അക്കാലത്ത് ജില്ല ഡേരഗാസിലെ അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവായിരുന്നത് മൗലവി അസീസ് ബഖ്ശ് സാഹിബ് ബി.എ ആയിരുന്നു. പൈഗാമികളുടെ അമീറായ മുഹമ്മദലി സാഹിബിന്റെ മൂത്ത സഹോദരനായിരുന്നു അദ്ദേഹം. അദ്ദേഹം ഡേരഖാസിഖാനിൽ സർക്കാർ ജോലിയിലായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന പ്രദേശത്ത് ആരും ഉപയോഗിക്കാത്ത ഒരു പള്ളിയുണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്ത് അതിന്റെ അറ്റകുറ്റപ്പണികളൊക്കെ ചെയ്ത് തീർത്ത് പള്ളിയായി ഉപയോഗിച്ച് തുടങ്ങി. അപ്പോൾ ഫസ്‌ലുൽ ഹഖ് എന്ന് പേരുള്ള ഒരു അനഹ്മദി മൗലവി ഈ പ്രദേശത്ത് വാടക വീട്ടിൽ താമസം തുടങ്ങി. അഹ്മദികളെ ഇവിടെ നിന്ന് കെട്ട്കെട്ടിക്കണമെന്ന് പറഞ്ഞ് ആ പ്രദേശവാസികളെ ഇയാൾ ഇളക്കിവിട്ടു. അന്നും ഇന്നും ഇവരുടെ പ്രവർത്തി ഇതുതന്നെ. കുറച്ച് കുട്ടികളെ സംഘടിപ്പിച്ച് ഈ പള്ളിയിൽ വെച്ച് പഠിപ്പിക്കാൻ തുടങ്ങി. (മദ്രസയുടെ കാഴ്ചപ്പാടും മദ്റസ കുട്ടികളെ ഉപയോഗിച്ച് അടിച്ച് തകർക്കുന്നതും എല്ലാം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.) നമസ്‌ക്കാര സമയത്ത് അയാൾ വേറെ മാറിനിന്ന് നമസ്‌ക്കരിക്കും. പള്ളിയിൽ വയള് പരമ്പരയും തുടങ്ങി. എന്റെ ബന്ധുവായ പീർ ബഖ്ശ് സാഹിബ് ഖാൻ സാഹിബ് ഡേറഖാസിഖാനിലെ സബ് ഇൻസ്പെക്ടർ പോലീസിനെ ഈ പ്രദേശത്ത് അഹ്മദികൾക്കും അനഹ്മദികൾക്കും ഇടയിൽ പ്രശ്നമുണ്ടാകാനുള്ള സാധ്യതയുണ്ടെന്ന് റിപ്പോർട്ട് ചെയ്യാൻ വേണ്ടി പ്രേരിപ്പിച്ചു. ഇരു കക്ഷികളുടെയും നേതാക്കന്മാരിൽ നിന്നും ഇതുസംബന്ധമായി ജാമ്യം വാങ്ങേണ്ടതാണ്. ഇവിടെ ആദ്യം പള്ളി ശൂന്യമായിക്കിടക്കുകയായിരുന്നു. അഹ്മദികൾ അത് ശരിയാക്കി ഉപയോഗിക്കാൻ തുടങ്ങിയപ്പോഴാണ് കുഴപ്പമുണ്ടാക്കാൻ ഇവർ ഇറങ്ങിപ്പുറപ്പെട്ടത്. ഞാൻ ഹുസൂറിന് ഒരപേക്ഷ എഴുതി അയച്ചു. അതിൽ തന്റെ ബന്ധുവിന്റെ എതിർപ്പിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അതിൽ ഇപ്രകാരം ഞാൻ എഴുതി. അദ്ദേഹത്തിന് എന്നോട് കൊടിയ ശത്രുതയാണ്. എന്നെ തട്ടിക്കളയാൻ കഴിഞ്ഞാൽ അതിനും അയാൾ മടിക്കില്ല. ജമാഅത്തിന്നെതിരിൽപോലീസിൽ കേസ് കൊടുത്തതിനെക്കുറിച്ചും എഴുതിയിരുന്നു. ദുആ ചെയ്യാൻ അപേക്ഷിച്ചു. ഹുസൂർ സ്നേഹവാത്സല്യത്തോടെ എന്റെ കത്തിന്റെ പുറകിൽ അതിന് മറുപടി എഴുതിക്കൊണ്ട് തപാൽ മുഖേന എനിക്ക് അയച്ചുതന്നു. ഹുസൂറിന്റെ മറുപടിയിലെ ആശയം ഇതായിരുന്നു. ''നാം ഭയപ്പെടരുത്. ഇതിനുള്ള സദ്ഫലം പ്രകടമാകുന്നതാണ്. ജമാഅത്ത് ഒരു കാരണവശാലും ജാമ്യം നൽകരുത്. മസീഹ് മസ്ജിദ് ഉപേക്ഷിക്കേണ്ടതായി വന്നാൽ ഏതെങ്കിലും അഹ്മദിയുടെ വീട്ടിൽ ജമാഅത്തായി നമസ്‌ക്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. എന്നാൽ ഒരു കാരണവശാലും ജമാഅത്തിലെ ആരും ജാമ്യം നൽകരുത്.'' ഈ കത്ത് എന്റെ പക്കൽ ഉണ്ടായിരുന്നതാണ്. അസീസ് ബഖ്ശ് സാഹിബ് എന്നിൽ നിന്നും വാങ്ങിയതായിരുന്നു എന്ന് തോന്നുന്നു. പിന്നീടത് തിരിച്ചു തന്നില്ല. കത്ത് മുമ്പിലില്ലാത്തതു കൊണ്ടാണ് അതിന്റെ ആശയം എഴുതിയത്. ഹുസൂറിന്റെ കത്ത് വന്നതിന് കുറച്ച് ദിവസങ്ങൾക്ക് ശേഷം എന്റെ ബന്ധു കുറച്ചുദിവസം രോഗിയായി കിടന്ന് വഫാത്തായി. സബ്ഇൻസ്പക്ടർ പോലീസിൽ നൽകിയ റിപ്പോർട്ട് സൂപ്രണ്ട് ഓഫ് പോലീസ് ഡപ്യൂട്ടി കമ്മീഷണറുടെ അടുത്തേക്ക് അയച്ചു. ഡപ്യൂട്ടി കമ്മീഷണർ സാഹിബ് ഒരു മുസ്‌ലിമായ ഇ.എ.സി.യോട് അഹ്മദികൾക്കും അനഹ്മദികൾക്കും ഇടയിൽ രഞ്ജിപ്പുണ്ടാക്കാൻ ശ്രമിക്കാൻ പറഞ്ഞു. അദ്ദേഹം മാസങ്ങളോളം ഇതിനായി പരിശ്രമിച്ചു. എന്നാൽ അതിൽ വിജയിച്ചിട്ടല്ല. എന്നാൽ അല്ലാഹു എടുത്ത് തീരുമാനം എന്താണെന്ന് നോക്കാം. സിന്ദ് നദിയിൽ നിന്നും വെള്ളം പൊങ്ങുകയും ആ പട്ടണത്തിന്റെ ഭാഗം തന്നെ നശിച്ചു പോകുകയും ചെയ്തു. സിന്ദ് നദിയിൽ വെള്ളപ്പൊക്കം വരികയും പള്ളി ഉണ്ടായിരുന്ന സ്ഥലം പൂർണ്ണമായും മുങ്ങിപ്പോകുകയും ചെയ്തു. പള്ളി പൊളിഞ്ഞുവീണു. പിന്നീട് ആ പ്രദേശം തന്നെ നദിയോട് ചേർന്ന് നശിച്ചുപോകുകയാണുണ്ടായത്. പുതിയ ഒരു പട്ടണം രൂപംകൊണ്ടു. അതിൽ അഹ്മദികൾ തങ്ങളുടേതായ പുതിയ മസ്ജിദ് നിർമ്മിച്ചു. പുതിയ പട്ടണത്തിൽ ആദ്യമായി നിർമ്മിക്കപ്പെട്ട മസ്ജിദ് അഹ്മദികളുടേതായിരുന്നു എന്നതാണ് എന്റെ ഓർമ്മ.''

ഹദ്റത്ത് നിസാമുദ്ദീൻ സാഹിബ് رضي الله عنه സിയാൽ കോട്ട് എഴുതുന്നു. അദ്ദേഹത്തിന്റെ പിതാവ് അല്ലാദത്താ സാഹിബ് ആണ്. 1904 നവംബറിലെ സംഭവമാണ്. ''ഹദ്റത്ത് മസീഹ് മൗഊദ് عليه السلام സിയാൽ കോട്ടിൽ വന്നിരുന്നു. ഹുസൂറിനെ കാണാൻ ഞാനും പോയി. ളുഹർ നമസ്‌ക്കാരത്തിന് ശേഷം മസ്ജിദ് ഹഖീം ഹസാമുദ്ദീൻ സാഹിബ് മർഹൂമിൽ വെച്ച് ചുവടെ ചേർക്കുന്ന ഉപദേശം ഹുസൂർ അവിടെ കൂടിയവരെ കേൾപ്പിച്ചു. ''ജനങ്ങൾ നിങ്ങളെ ദേഷ്യം പിടിപ്പിക്കുന്നതിന് എന്നെ ചീത്തപറയും. അസഭ്യവാക്കുകൾ കേട്ടാലും നിങ്ങൾക്കൊരിക്കലും ദേഷ്യം വരാൻ പാടില്ല. മറുപടിയായി ചീത്ത പറയരുത്. നിങ്ങൾ അവരെ അസഭ്യം പറയുകയാണെങ്കിൽ അവർ പിന്നെയും എന്നെ അസഭ്യം പറയും. ഈ അസഭ്യവാക്കുകൾ പിന്നെ അവരിൽ നിന്നായിരിക്കില്ല. നിങ്ങളുടെ ഭാഗത്തുനിന്നായിരിക്കും. ചീത്തവാക്കുകൾകേട്ട് അവർക്ക് നിങ്ങൾ ദുആ ചെയ്യുകയാണ് വേണ്ടത്. അവരോട് സ്നേഹത്തോടെ വർത്തിക്കുക. അങ്ങനെ നിങ്ങളുടെ

സമീപസ്ഥരായി അവർ മാറട്ടെ.'' അതിനുശേഷം തിരുനബി ﷺ യുടെ സഹാബാക്കളെക്കുറിച്ച് ഹുസൂർ പരാമർശിച്ചു. മക്കക്കാർ അവരെ വിവിധ തെറിവാക്കുകളാൽ അഭിഷേകം ചെയ്യുമ്പോൾ അതിന് പകരമായി അവർ അവരോട് നന്മ ചെയ്യുകയാണ് ചെയ്തത്. ഇവരുടെ ഈ പെരുമാറ്റം കണ്ട് പലരും തന്നെ ഇസ്‌ലാം മതം സ്വീകരിക്കുകയുണ്ടായി. അവരെ നിങ്ങളും പിൻപറ്റേണ്ടതാണ്. ഹുസൂർ പറഞ്ഞതിന്റെ ആശയമാണ് ഞാൻ കേൾപ്പിച്ചത്.''

സിയാൽകോട്ട് ജില്ലയിലെ ഇസ്‌ലാമാബാദ് മുഹല്ലയിലെ മുൻശി അബ്ദുല്ലാഹ് സാഹിബ് 1902 ലാണ് ബൈഅത്ത് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام സിയാൽകോട്ടിൽ വന്നപ്പോഴാണ് ബൈഅത്ത് ചെയ്തത്. അപ്പോൾ 13 വയസ്സായിരുന്നു. ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ് ബൈഅത്ത് ചെയ്തത്. ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടിയിൽ നിന്ന് വിദ്യ അഭ്യസിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام സിയാൽകോട്ടിൽ തന്റെ വാദം പ്രഖ്യാപിച്ചതിനുശേഷം 1904 ൽ ഖാദിയാനിലേക്ക് തിരിച്ചുവന്നപ്പോൾ സിയാൽകോട്ടിലെ അഹ്മദികളെ ബുദ്ധിമുട്ടിച്ച ആളുകളുടെ പേരുകൾ ഹുസൂർ ആവശ്യപ്പെട്ടു. പേരുകൾ എഴുതിക്കഴിഞ്ഞ് കുറച്ചുനാളുകൾക്ക് ശേഷം സിയാൽകോട്ടിൽ വളരെ വഷളായരീതിയിൽ പ്ലേഗ് പടരുകയുണ്ടായി. സർവ്വശക്തിമാനായ അല്ലാഹു അവരുടെ ഓരോ കുടുംബത്തേയും തിരഞ്ഞ് പിടിച്ച് നശിപ്പിക്കുകയുണ്ടായി.

അന്നുള്ള ഒരു സംഭവം എഴുതുന്നു. ''ഒരു എതിരാളിക്ക് പ്ലേഗ് പിടിപെട്ടു. ഹക്കീം ഹിസാമുദ്ദീൻ സാഹിബിനെ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം വന്നുകൊണ്ട് പറഞ്ഞു. ''ഇത് കരിമൂർഖനാണ്. ഇതിന്റെ അടുത്ത് പോകരുത്.'' മരണത്തോടടുത്തപ്പോൾ അദ്ദേഹത്തോടുള്ള സ്നേഹം കാരണം അദ്ദേഹത്തെ കെട്ടിപ്പിടിച്ചു. ആ സ്ത്രീ യഥാർത്ഥത്തിൽ മരണത്തെ ചോദിച്ചുവാങ്ങുകയായിരുന്നു. അയാളുടെ മകളും ഇതേ രീതിയിൽ ചെയ്തു. അങ്ങനെ ആ കുടുംബത്തിലെ 19 പേര് നശിക്കുകയുണ്ടായി.''

''ഒരിക്കൽ അബ്ദുൽ കരീം സാഹിബ് സിയാൽ കോട്ടി رضي الله عنه ഹുസൂറിനോട് ചോദിച്ചു. ''ഹുസൂർ വല്ലപ്പോഴും വല്ലതും ചെയ്യുമ്പോൾ മറ്റുള്ളവരെ കാണിക്കണം എന്ന ചിന്ത വന്നിട്ടുണ്ടോ.'' അതിനു മറുപടിയായി പറഞ്ഞു. ''ഒരാൾ കാട്ടിൽ മൃഗങ്ങളുടെ മുമ്പാകെ നമസ്ക്കരിക്കുകയാണെങ്കിൽ ഞാൻ ഭക്തനാണെന്ന് മൃഗങ്ങളെ കാണിക്കണം എന്ന ചിന്ത വരുമോ. ഇതാണ് എന്റെ അവസ്ഥ.''

മൗലവി അൻവാർ ഹുസൈൻ സാഹിബിന്റെ മകൻ ഹദ്റത്ത് യഹ്‌യാ ഹഖ് സാഹിബ് ഹർദോയിയുടെ റിവായത്താണ്, ഇദ്ദേഹം ജനിച്ചത്1894 ലാണ്. 1904 ൽ ഹുസൂറിനെ നേരിൽ കണ്ടു. പറയുന്നു. ''എന്റെ പിതാവ് 1889 ൽ ലുധിയാനയിൽ വന്ന് ബൈഅത്ത് ചെയ്തിരുന്നു. ഇതിനു മുമ്പെ കത്തിടപാടുകൾ നടത്തിയിരുന്നു. ബൈഅത്ത് ചെയ്യാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ബൈഅത്ത് വാങ്ങാൻ അനുവാദമില്ലാത്തതുകാരണം അദ്ദേഹം ഖാദിയാനിൽ വരുന്നതിനെ തടഞ്ഞുവെച്ചതായിരുന്നു. എന്നാൽ ഇതിനായി ഹുസൂർ ലുധിയാനിയിലേക്ക് പോയപ്പോൾ ഉപ്പയെ അറിയിക്കുകയും അങ്ങനെ ലുധിയാനയിൽ പോയി ഉപ്പ ബൈഅത്ത് ചെയ്യുകയുമാണുണ്ടായത്. പിതാവ് ദുയൂബന്ദിലെ ബിരുദം നേടിയ മൗലവി ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ അതിഥി സൽക്കാരത്തെക്കുറിച്ചുള്ള ഒരു സംഭവം എപ്പോഴും കേൾപ്പിക്കാറുണ്ട്. ''1892 ൽ ആദ്യമായി ഞാൻ ഖാദിയാനിൽ വന്നപ്പോൾ അതിഥികൾ ഗോൾ റൂമിലാണ് താമസിച്ചിരുന്നത്. ഞാനും അവിടെതന്നെ താമസിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഞങ്ങളോടൊപ്പമാണ് ഭക്ഷണം കഴിച്ചിരുന്നത്. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ഇടക്ക് എഴുന്നേറ്റ് വീട്ടിൽ പോകും ചട്ടിണിയോ അച്ചാറോ കൊണ്ട്‌വരും. ഇത് നിങ്ങൾക്ക് ഇഷ്ടപ്പെടുമായിരിക്കും എന്ന് പറഞ്ഞാണ് കൊണ്ട് വരിക. ഭക്ഷണം കുറച്ചേ കഴിക്കാറുള്ളൂ. അതിഥികളെ ശരിക്കും തീറ്റിക്കുമായിരുന്നു. മസ്ജിദ് അഖ്സയിൽ നമസ്ക്കാരക്കാരുടെ എണ്ണം കൂടുതലായി കണ്ടപ്പോൾ ഉപ്പ എന്നോട് പറഞ്ഞു. ഞാൻ ആദ്യം ഇവിടെ ഖാദിയാനിൽ വന്നപ്പോൾ ജുമുഅ ദിവസം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മസ്ജിദ് അഖ്സയിലേക്ക് പോയി. വഴിമധ്യേ മൗലവി ശാദീ കശ്മീരിയെയും മിയാൻ ജാൻ മുഹമ്മദ് സാഹിബിനെയും കൂടെ കൂട്ടി. കുറച്ചുകൂടി മുന്നോട്ട് പോയപ്പോൾ ഒരു കുട്ടിയെയും കിട്ടി. അപ്പോൾ ജാൻ മുഹമ്മദ് സാഹിബിനോട് ജുമുഅ നമസ്ക്കരിപ്പിക്കാൻ പറഞ്ഞു. അദ്ദേഹത്തിന്റെ പിന്നിൽ ഹദ്റത്ത് സാഹിബ് നമസ്ക്കരിച്ചു. മസ്ജിദ് അഖ്സയിൽ എത്തി ജുമുഅ നമസ്ക്കരിച്ചുകഴിഞ്ഞപ്പോൾ ആകെ ആറ് പേരാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ പള്ളി ഇത്ര വിശാലമായിക്കഴിഞ്ഞിട്ട്കൂടി ചുറ്റുമുള്ള ടറസുകൾ ആളുകളാൽ നിറയുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഇതും ഒരു മുഅ്ജിസത്താണ്.''

കുട്ടികളോടുള്ള വാത്സല്യത്തെക്കുറിച്ച് ഒരു സംഭവം എഴുതുന്നു. ''ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ رضي الله عنها ക്ക് എന്തോ ആവശ്യമുണ്ടായിരുന്നു. തഅ്‌ലീമുൽ ഇസ്‌ലാം ബോർഡിങ്ങിൽ ഞങ്ങൾ ചെറിയ കുട്ടകൾ താമസിച്ചിരുന്നു. എന്തെങ്കിലും ജോലിയുണ്ടെങ്കിൽ വളരെ ആവേശത്തോടെ അതു ചെയ്യാൻ ഞങ്ങൽ വരാറുണ്ടായിരുന്നു. പലപ്പോഴും കുട്ടികളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇതാരാണെന്ന് അവനാരാണെന്ന് ചോദിച്ചറയാറുണ്ടായിരുന്നു. എന്നെക്കുറിച്ച് ഒരിക്കൽ ചോദിച്ചപ്പോൾ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ رضي الله عنها പറഞ്ഞു. ''അൻവാർ ഹുസൈൻ ന്റെ മകനാണ്.'' പറഞ്ഞു. ''അവനോട് അവിടെ ഇരിക്കാൻ പറയൂ അവൻ ജോലി ചെയ്യേണ്ട. ചെറുപ്പമാണ്.'' എന്നെ അവിടെ ഇരുത്തി. മറ്റുള്ളവർ ജോലി ചെയ്തുകൊണ്ടിരുന്നു. ഒരിക്കൽ നല്ല ശൈത്യം വന്നു. അതുകാരണം അവിടെയുള്ള ചതുപ്പുനിലം വെള്ളംപോലെ ഉറച്ചുപോയി. ഞാൻ ഉഷ്ണമേഖലയിൽ താമസിക്കുന്ന വ്യക്തിയായതുകൊണ്ട് എന്നിൽ തണുപ്പ് സഹിക്കാൻ കഴിയുന്നുണ്ടായില്ല. അവിടുത്ത്കാരന് തന്നെ നല്ല തണുപ്പാണ്. ഉഷ്ണമേഖലയിലുള്ളവർക്ക് നല്ല തണുപ്പ് അനുഭവപ്പെടും. ബോർഡിങ്ങിൽ എല്ലാവരേക്കാളും ചെറുപ്പവും ഞാനായിരുന്നു. സുബ്ഹി നമസ്ക്കാരത്തിനു പോകുമ്പോൾ എനിക്ക് വല്ലാതെ തണുപ്പ് അനുഭവപ്പെടും. മാസ്റ്റർ അബ്ദുറഹിമാൻ സാഹിബ് ബി. എ. ഇതുസംബന്ധമായി ഹുസൂറിനോട് സംസാരിച്ചിരിക്കാം. അദ്ദേഹം വന്നുകൊണ്ട് എന്നോട് പറഞ്ഞു. ''ഹുസൂർ പറയുന്നുണ്ട് ഈ തണുപ്പിൽ നല്ല പ്രയാസമുണ്ടാകും ഇവനെ സുബഹിക്ക് പള്ളിയിൽ കൊണ്ടുപോകേണ്ടതില്ല.'' സുബഹി ബോഡിങ്ങിൽ തന്നെ അനുഷ്ഠിക്കാൻ എനിക്ക് അനുവാദം ലഭിക്കുകയുണ്ടായി. ഒരിക്കൽ ഞങ്ങൾ ഹുസൂറിനോടൊപ്പം നദിവരെ പോയി. റമദാൻ മാസമായിരുന്നു. നല്ല ദാഹമുണ്ടായിരുന്നു. ചില ചെറിയ കുട്ടികളും നോമ്പെടുത്തിട്ടുണ്ടെന്ന് ഹുസൂറിന് അറിയാൻ കഴിഞ്ഞു. ഹുസൂർ പറഞ്ഞു. ''ഇവരുടെ നോമ്പ് മുറിക്കുക. കുട്ടികൾക്ക് നോമ്പില്ല.'' ഈ കൽപന കേട്ടപ്പോൾ ഞങ്ങൾ നദിയിൽ നിന്നും വെള്ളമെടുത്ത് കുടിച്ചു.ദാഹം തീർന്നു. ഹുസൂറിനോട് യാത്രപറഞ്ഞ് ഖാദിയാനിലേക്ക് തിരിച്ചു.''

അതിഥികളുടെ വികാരം മാനിക്കുന്നതിനെക്കുറിച്ചുള്ള ഒരു നിവേദനം. ''പുറമേനിന്ന് വരുന്ന പല അതിഥികളും തന്നെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلامന്റെ ഭക്ഷണത്തിന്റെ ബാക്കി ലഭിക്കണം എന്ന് ആഗ്രഹിക്കുന്നവരായിരുന്നു. ബോർഡിങ്ങിലുള്ളവരിൽ ഞാൻ പ്രായത്തിൽ

ചെറുതായതുകൊണ്ട് വീട്ടിനകത്ത് ഞാൻ പോകാറുണ്ടായിരുന്നു. അതിഥികൾ ആവശ്യപ്പെടുന്നതനുസരിച്ച് ബക്കി വന്ന ഭക്ഷണം ഞാൻ കൊണ്ടുകൊടുക്കുമായിരുന്നു. ഭക്ഷണത്തിന്റെ സമയമായപ്പോൾ ഉമ്മുൽ മുഅ്മിനീനോട് കാര്യം പറയുമ്പോൾ അവർ എനിക്ക് ഭക്ഷണത്തിന്റെ ബാക്കി നൽകുമായിരുന്നു. ഇനി ഭക്ഷണത്തിന്റെ സമയമല്ലെങ്കിൽ ഉമ്മുൽ മുഅ്മിനീനോട് പറഞ്ഞാൽ റൊട്ടി ഉണ്ടാക്കി അതിൽ നിന്ന് അൽപം കഴിച്ച് ബാക്കി ഹുസൂർ അതിഥികൾക്കായി നൽകുമായിരുന്നു. എനിക്കത് ലഭിച്ചാൽ സസന്തോഷം ഞാനത് കൊണ്ടുവന്ന് ആവശ്യക്കാർക്ക് നൽകുമായിരുന്നു. മൗലവി അബ്ദുൽ കരീം സാഹിബിന്റെ ജനാസ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ആണ് നമസ്ക്കരിപ്പിച്ചത്. സുദീർഘമായാണ് നമസ്ക്കരിപ്പിച്ചത്. ഞാൻ നിന്ന് ക്ഷീണിച്ചുപോയി. നമസ്ക്കാരം തുടങ്ങിയപ്പോൾ ചെറിയ ഒരു മേഘം പ്രത്യക്ഷപ്പെട്ടു. കാറ്റുമൂലം പൊടിപടലങ്ങൾ ഉയരാൻതുടങ്ങി. നമസ്ക്കാരം അവസാനിക്കുന്നതുവരെ വലിയ വലിയ മഴത്തുള്ളികൾ വീണുകൊണ്ടിരുന്നു. സലാം വീട്ടിയപ്പോൾ മഴയും നിന്നു. അൽപം കഴിഞ്ഞപ്പോൾ മേഘമെല്ലാം അപ്രത്യക്ഷമായി.''

*അല്ലാഹു ഈ ഭക്തരുടെ പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ മക്കളിലും അഹ്മദിയ്യത്തിന്റെ യഥാർത്ഥ ആത്മാവ് എപ്പോഴും നിലനിറുത്തുമാറാകട്ടെ. നമുക്കും നമ്മുടെ ഇസ്‌ലാഹ് വരുത്താൻ സാധിക്കുമാറാകട്ടെ. നമ്മുടെവിശ്വാസത്തിലും ജ്ഞാനത്തിലും വർദ്ധനവുണ്ടാകട്ടെ. വരുന്ന ഒരു സുദിനവും നമ്മിലും നമ്മുടെ മക്കളിലും അഹ്മദിയ്യത്തോടും ഹദ്റത്ത് മസീഹ് മൗഊദിനോടും തിരുനബി ﷺ യോടുമുള്ള സ്നേഹവും പ്രേമവും വർദ്ധിച്ചുകൊണ്ടിരിക്കട്ടെ.* വിശുദ്ധ ഖുർആന്റെ കൽപനകളനുസരിച്ച് ജീവിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ഉണ്ടായിത്തീരുകയും ചെയ്യും.

**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V ايده الله تعالىٰ بنصره العزيز
on 08- 04- 2011 at London

വിവർത്തനം
**എം. നാസിർ അഹ്മദ് സാഹിബ് കൊടിയത്തൂർ**
മുബല്ലിഗ് എറണാകുളം, PHONE : 9497343704

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by: Majlis Khuddamul Ahmadiyya, North Kerala